(ബി) മുക്കം പൊഴി മുതൽ പൊഴിക്കര വരെയുള്ള റോഡിന്റെ ടാറിംഗിന് സാങ്കേതികാനുമതി നൽകി മൂന്നു തവണ ദർഘാസ് ക്ഷണിച്ചുവെങ്കിലും ടി ദർഘാസുകളിൽ ആരും പങ്കെടുക്കുകയുണ്ടായില്ല. തുടർന്ന് നാലാമത് നടത്തിയ ദർഘാസിൽ കരാറുകാരൻ രേഖപ്പെടുത്തിയ 20.16 ശതമാനം അധിക നിരക്കിലുള്ള ദർഘാസിന് 5-6-2015-ന് അംഗീകാരം നൽകുകയുണ്ടായി. അതിനുശേഷം കരാർ വച്ച് ഈ പ്രവൃത്തി ആരംഭിച്ചുവെങ്കിലും തുടർച്ചയായി പെയ്ത മഴമൂലം ടാറിംഗ് പ്രവൃത്തി യഥാസമയം ചെയ്യാൻ സാധിക്കാതെ വന്നു. ഇതുമൂലമാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടത്.

(സി) പൊഴിക്കര മുതൽ മുക്കം പൊഴി വരെയുള്ള തീരദേശ റോഡിന്റെ ടാറിംഗ് പ്രവൃത്തി പൂർത്തീകരിക്കാൻ തുടർച്ചയായ മഴ കാരണം കാലതാമസം നേരിടുകയും ഇപ്പോൾ ടാറിംഗ് പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. ടാറിംഗ് പ്രവൃത്തി 2015 ഡിസംബർ 5 -ന് മുമ്പായി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) മദ്രാസ് ഐ.ഐ.റ്റി. നടത്തിയ മോഡൽ സ്റ്റഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മുക്കം പൊഴി മുതൽ ലക്ഷ്മിപുരം വരെയുള്ള 2.5 കിലോമീറ്റർ ഭാഗത്ത് 12 ഗ്രോയിൻ നിർമ്മിച്ചിട്ടുള്ളത്. ഗ്രോയിൻ നിർമ്മാണം പൂർത്തീകരിച്ച ശേഷം കാലക്രമത്തിൽ ഗ്രോയിനുകളുടെ ഇടയിൽ മണ്ണടിഞ്ഞ് കര രൂപപ്പെടുമെന്നും തുടർന്ന് ഈ ഭാഗത്ത് കടൽക്ഷോഭത്താൽ കര നഷ്ടപ്പെടില്ലെന്നും ടി പഠന റിപ്പോർട്ടിൽ പറഞ്ഞിരുന്നു. ഗ്രോയിൻ നിർമ്മാണം പൂർത്തിയാക്കിയ ശേഷം ടി ഭാഗത്ത് മണ്ണടിഞ്ഞ് കര രൂപപ്പെട്ടതിനാൽ മുക്കം പൊഴി ഇനി മൂറിയുവാൻ യാതൊരു സാധ്യതയും കാണുന്നില്ല. ആയതിനാൽ ഈ ഭാഗത്ത് വൻതുക ചെലവ് ചെയ്ത് ബ്രിഡ്ജ്, ഗറ്റലേറ്ററി കം ബ്രിഡ്ജ് എന്നിവ നിർമ്മിക്കേണ്ട ആവശ്യമില്ല. മേൽ സാഹചര്യത്തിൽ ഈ ഭാഗം മണ്ണിട്ടുയർത്തി മെറ്റലിംഗ് ചെയ്തിട്ടുള്ളതും ടാറിംഗ് പ്രവൃത്തി ഉടനെ പൂർത്തീകരിക്കുന്നതുമാണ്.

(ഇ) പരിഗണിച്ചിട്ടില്ല. പരവൂർ നഗരസഭയിൽ പൊഴിക്കര ഭാഗത്ത് ഇറിഗേഷൻ വകുപ്പിന്റെ റെഗുലേറ്റർ കം ബ്രിഡ്ജ് പ്രവർത്തിക്കുന്നുണ്ട്.

അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതി

187 (195) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിൽ ഇതുവരെ അനുവദിച്ച റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനുവദിച്ച റോഡുകളിൽ ഏതെല്ലാം പൂർത്തികരിച്ചുവെന്നും ഏതെല്ലാം റദ്ദാക്കിയെന്നും വ്യക്തമാക്കാമോ ;

(സി) അനുവദിച്ച വർക്കുകൾ പലതും കരാറുകാർ ഏറ്റെടുക്കാത്ത സാഹചര്യത്തിൽ ടെൻഡർ എക്സ്സ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൂട്ടനാട് നിയോജക മണ്ഡലത്തിൽ ഇതുവരെ അനുവദിച്ച തീരദേശ റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം കൂട്ടനാട് നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയിൽ ഉൾപ്പെട്ട് ഭരണാനുമതി നൽകിയ ആകെ 69 റോഡ് പ്രവൃത്തികളിൽ 9 റോഡ് പ്രവൃത്തികൾ പൂർത്തീകരിക്കുകയും ഒരു റോഡ് പ്രവൃത്തി റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	റോഡിന്റെ പേര്	ഭരണാനുമതി തുക (ലക്ഷത്തിൽ)
1	പള്ളിക്കേരിച്ചിറ കൊച്ചുകായൽ കിഴക്കേചിറ റോഡ്	44.00
2	പയറ്റുപക്ക പങ്കിയമ്മ പാലം മുതൽ കിഴക്ക് അംഗൻവാടി വരെയുള്ള റോഡ്	39.50
3	കൈനടി എ.ജെ. ജോൺ മെമ്മോറിയൽ സ്കൂൾ മുതൽ കരുമാത്രക്ഷേത്രം വഴി പനച്ചുവട് ക്ഷേത്രം വരെയുള്ള റോഡ്	14.10
4	കൊച്ചുമ്മനം-ലക്ഷംവീട് കോളനി റോഡ്	48.30
5	എടത്വ പഞ്ചായത്തിലെ 6-ാം വാർഡിലെ മാർക്കറ്റ് മുതൽ ഇല്ലിമൂട് വരെയുള്ള റോഡ്	20.00
6	ചാപ്പൽപടി- കിഴക്ക് ആറ്റുതീരം റോഡ്	47.50
7	പത്തിൽപാലം മുട്ടേൽപാലം റോഡ്	40.00
8	എ.സി. റോഡ് (പള്ളിക്കുട്ടുമ്മ പള്ളി)- മണലാടി ബോട്ട് ജെട്ടി വരെയുള്ള റോഡ്	44.50
9	പടവുപുരയ്ക്കൽ പടി-മങ്കാട്ടുചിറ പൊതുകടവ് ആറ്റുതീരം വരെയുള്ള റോഡ്	22.00

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഒരു പ്രവൃത്തി റദ്ദാക്കിയിട്ടുണ്ട്.

ക്രമ നമ്പർ	റോഡിന്റെ പേര്	ഭരണാനുമതി തുക (ലക്ഷത്തിൽ)
1	കണ്ണത്തുശ്ശേരി പി.ഡബ്ല്യു.ഡി. റോഡ് മുതൽ മുട്ടേൽ പാലം വരെയുള്ള റോഡ്	70.00

(സി) പ്രവൃത്തിക്കുള്ള ടെണ്ടർ എക്സസ് പ്രൊപ്പോസലുകൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

അർത്തുങ്കൽ ഫിഷിംഗ് ഹാർബർ

188 (196) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ ഈ സർക്കാരിന്റെ കാലയളവിലെ നിർമ്മാണ പുരോഗതി വിശദമാക്കാമോ ;

(ബി) അർത്തുങ്കൽ ഫിഷിംഗ് ഹാർബർ നിർമ്മാണ പൂർത്തീകരണത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ അനുവദിച്ച തുക എത്രയാണെന്നും ഇതിൽ കേന്ദ്രസർക്കാരിന്റെ വിഹിതം എത്രയാണെന്നും വ്യക്തമാക്കുമോ ;

(സി) ഹാർബറിന്റെ നിർമ്മാണത്തിന് നേരിട്ടിട്ടുള്ള തടസ്സങ്ങൾ നീക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അർത്തുങ്കൽ ഫിഷിംഗ് ഹാർബർ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾക്കായി 75 ശതമാനം കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 4939 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതും, തുടർന്ന് 4500 ലക്ഷം രൂപയ്ക്ക് പുലിമുട്ടുകളുടെ നിർമ്മാണം വാർഫ്, ഓക്ഷൻ ഹാൾ, അപ്രോച്ച് റോഡ്, ഇന്റേണൽ റോഡ്, പാർക്കിംഗ് ഏരിയാ, കവേർഡ് ഫിഷ് ലോഡിംഗ് ഏരിയാ എന്നീ ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സാങ്കേതികാനുമതിനൽകി കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. സൗത്ത് ബ്രേക്ക് വാട്ടർ നിർമ്മാണം ചെയിനേജ് 140 മീറ്റർ മുതൽ ചെയിനേജ് 370 മീറ്റർ വരെയും, നോർത്ത് ബ്രേക്ക് വാട്ടർ നിർമ്മാണം ചെയിനേജ് 140 മീറ്റർ മുതൽ ചെയിനേജ് 290 മീറ്റർ വരെയും പൂർത്തീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly